(ഡി) നാലാം പദ്ധതിയുടെ രൂപരേഖ തയാറാക്കുന്നതിൽ പ്രത്യേകം ശ്രദ്ധിക്കേണ്ട മാനദണ്ഡങ്ങളും കേന്ദ്രഗവണ്മെന്റ് നിർദ്ദേശിച്ചിട്ടുണ്ടോ ;

(ഈ) ഉണ്ടെങ്കിൽ അവ എന്തെല്ലാമാണ് ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) നാലാം പഞ്ചവത്സരപദ്ധതിയുടെ രൂപീകരണത്തിന്റെ പ്രാരംഭ നടപടിയെന്ന നിലയിൽ നാലാം പദ്ധതി തയാറാക്കുന്നതിനു് ആവശ്യമായ സ്ഥിതിവിവരക്കണക്കുകളും ശേഖരിച്ചു് ഡിപ്പാർട്ടുമെന്റു് അദ്ധ്യക്ഷന്മാർക്കും പദ്ധതി രൂപീകരണം സംബന്ധിച്ച ബന്ധപ്പെട്ട മറ്റു് ഉദ്യോഗസ്ഥന്മാർക്കും നൽകിയിട്ടുണ്ടു്.

നാലാം പദ്ധതിയിൽ ഉൾക്കൊള്ളിക്കേണ്ട സ്കീമുകളെപ്പറ്റി ചർച്ചചെയ്തു് പ്രാരംഭറിപ്പോർട്ടു് സമർപ്പിക്കുന്നതിനു് വിവിധ വിഭാഗങ്ങളിലായി 28 വർക്കിംഗ് ഗ്രൂപ്പുകളും സംഘടിപ്പിച്ചിട്ടുണ്ടു്. വർക്കിംഗ് ഗ്രൂപ്പുകളുടെ ലിസ്റ്റു് മേശപ്പുറത്തുവെച്ചിട്ടുണ്ടു്. †

(ബി) പ്ലാനിംഗ് ബോർഡ് രൂപീകരിക്കുന്ന കാര്യം തീരുമാനിച്ചിട്ടില്ല.

(സി, ഡി) ഇല്ല.

(ഈ) ചോദ്യം ഉദിക്കുന്നില്ല.

ജൂനിയർ കോളേജുകളും ആരംഭിക്കുവാനുള്ള അപേക്ഷകളും.

* 3. [34] ശ്രീ. സി. എ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടുത്ത അദ്ധ്യയന വർഷത്തിൽ സംസ്ഥാനത്തു് എത്ര ജൂനിയർ കോളേജുകളാണു് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നതു് ;

(ബി) ഇതിനുവേണ്ടി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടു് ;

(സി) തൊടുപുഴ ടൗണിൽ ഒരു ജൂനിയർ കോളേജു് ആരംഭിക്കുന്നതിനു അനുമതി ആവശ്യപ്പെട്ടുകൊണ്ടു് ബഹുമാനപ്പെട്ട കോതമംഗലം ബിഷപ്പു് അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി എടുത്തു ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) എത്രയെന്നു് ഇതുവരെ യൂണിവേഴ്സിറ്റി തീരുമാനിച്ചിട്ടില്ല.

(ബി) ആകെ 90 അപേക്ഷകൾ സർവ്വകലാശാലയ്ക്കു് ലഭിച്ചിട്ടുണ്ടു് ;

(സി) ഉണ്ടു്.

(ഡി) മറ്റു് അപേക്ഷകളെ പോലെ ഈ അപേക്ഷയും യൂണിവേഴ്സിറ്റിയുടെ പരിഗണനയിലിരിക്കുകയാണു്.

UNSTARRED QUESTIONS AND ANSWERS POSTED FOR ANSWER ON 27TH JANUARY 1964.

മദ്യനിരോധനം.

3. [7] ശ്രീ. പി. സി. ബാലകൃഷ്ണൻ നമ്പ്യാർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നമ്മുടെ സ്റ്റേറ്റിൽ മദ്യനിരോധനം പിൻവലിക്കുകയോ അയവു വരുത്തുകയോ ചെയ്യുവാൻ പോകുന്നുണ്ടോ ;

(ബി) ഇതു സംബന്ധിച്ചു് പുനരാലോചനചെയ്യാൻ കേന്ദ്രത്തിൽ നിന്നു് വല്ല നിർദ്ദേശവും കിട്ടിയിട്ടുണ്ടോ ; സ്റ്റേറ്റു് ഗവണ്മെന്റു് വല്ല നിർദ്ദേശവും കേന്ദ്രത്തിനു നൽകിയിട്ടുണ്ടോ ?

---

* Appendix V.

LIBRARY ARCHIVES Kerala Legislative Assembly